നിർമ്മാണത്തിനാവശ്യമായ സ്ഥലവും ഭൗതിക സാഹചര്യങ്ങളും ലഭ്യമല്ലാത്ത സാഹചര്യത്തിൽ 2016-17 സാമ്പത്തിക വർഷം തുക അനുവദിച്ചിരുന്നില്ല. പ്രസ്തുത സ്മാരകത്തിൽ നാടൻപാട്ടുകളുടെ സംരക്ഷണത്തിനും പ്രചരണത്തിനും വേണ്ടി ഒരു ഉപകേന്ദ്രവും ഈ ഉപകേന്ദ്രത്തോട് ചേർന്ന് ഇന്ത്യയിലെ മുഴുവൻ സംസ്ഥാനങ്ങളിലെയും നാടൻ സംഗീത ഉപകരണങ്ങളുടെ ഒരു മ്യൂസിയവും നാടൻപാട്ടുകൾ ഡോക്യുമെന്റ് ചെയ്യുന്നതിനാവശ്യമായ സ്റ്റുഡിയോയും (ഒരു സൗണ്ട് റെക്കോർഡിംഗ് സ്റ്റുഡിയോ), ഡിജിറ്റൽ ആർക്കൈവ്സ് എന്നിവ സ്ഥാപിക്കുന്നതിനുവേണ്ടി കേരള ഫോക്‌ലോർ അക്കാദമി ഉദ്ദേശിക്കുന്നുണ്ട്. ചാലക്കുടിയിൽ കലാഭവൻ മണി സ്മാരകം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സ്മാരകത്തിനായുള്ള സ്ഥലവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും അടിയന്തരമായി ലഭ്യമാക്കുന്നതിന് നടപടി ത്വരിതപ്പെടുത്താൻ കേരള ഫോക്‌ലോർ അക്കാദമി സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

### വാമനപുരം നിയോജകമണ്ഡലത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് നടത്തിയ പ്രവർത്തനങ്ങൾ

57(2077) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് 2016-17-ൽ വാമനപുരം നിയോജകമണ്ഡലത്തിൽ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിവരിക്കാമോ;

(ബി) ഇതിനായി ചെലവഴിച്ച ഫണ്ട് എത്ര എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് വാമനപുരം നിയോജകമണ്ഡലത്തിൽപ്പെട്ട വെഞ്ഞാറമൂട് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ സ്കൂൾ സെമിനാറും കല്ലറ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ പാർലമെന്ററി ലിറ്ററസി ക്ലബ് സംസ്ഥാനതല ഉദ്ഘാടനവും ബി.ആർ.എം.എച്ച്.എസ്.എസ്. എലവട്ടം സ്കൂളിൽ പാർലമെന്ററി ലിറ്ററസി ക്ലബ്ബും ഗവൺമെന്റ് എച്ച്.എസ്. ഭരതന്നൂർ, ബി.ആർ.എം.എച്ച്.എസ്.എസ്. എലവട്ടം എന്നീ സ്കൂളുകളിൽ യൂത്ത് പാർലമെന്റ് മത്സരങ്ങളും സംഘടിപ്പിച്ചിട്ടുണ്ട്.

(ബി) യൂത്ത് പാർലമെന്റ് മത്സരം, സ്കൂൾ സെമിനാർ, പാർലമെന്ററി ലിറ്ററസി ക്ലബ് എന്നിവ സംഘടിപ്പിച്ച വകയിൽ മേൽ പരാമർശിച്ചിട്ടുള്ള സ്കൂളുകൾക്ക് ആകെ 59,850 രൂപ അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly